# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : **4321.** 19..10..2011-ൽ മറുപടിക്ക്

## മിൽമ എറണാകുളം റീജിയണിൽ പുതുതായി നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.തിലോത്തമൻ** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) മിൽമ എറണാകുളം റീജിയണിൽ പുതുതായി നിയമനം നടത്തിയിട്ടുള്ള ജൂനിയർ അസിസ്റ്റന്റ്, പ്ലാന്റ് അറ്റന്റർ, മാർക്കറ്റിംഗ് ഓർഗനൈസർ, അക്കൗണ്ട്സ് ഓഫീസർ, ബോയ്‌ലർ ടെക്നീഷ്യൻ, കെമിസ്റ്റ് എന്നീ തസ്തികകളിൽ ഇതുവരെ എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) 1. ജൂനിയർ അസിസ്റ്റന്റ് : 27<br>2. പ്ലാന്റ് അറ്റൻഡർ : 80<br>3. അക്കൗണ്ട്സ് ഓഫീസർ : 3<br>4. മാർക്കറ്റിംഗ് ഓർഗനൈസർ : 4<br>5. ബോയിലർ ടെക്നിഷ്യൻ : 4<br>6. ലാബ് അസിസ്റ്റന്റ് : 7<br>എന്നിങ്ങനെ നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തസ്തികകളിലേയ്ക്കുള്ള യോഗ്യത നിർണ്ണയ പരീക്ഷ എന്നാണ് നടത്തിയത് എന്ന് പറയാമോ; | (ബി) ലാബ് അസിസ്റ്റന്റ് തസ്തികയിൽ 14..5..2011-നും ജൂനിയർ അസിസ്റ്റന്റ്, പ്ലാന്റ് അറ്റൻഡർ, അക്കൗണ്ട്സ് ഓഫീസർ, മാർക്കറ്റിംഗ് ഓർഗനൈസർ, ബോയിലർ ടെക്നിഷ്യൻ എന്നിവയിലേയ്ക്ക് 15..5..2011-നുമാണ് യോഗ്യതാ നിർണ്ണയ പരീക്ഷ നടത്തിയത്. |
| (സി) പ്രസ്തുത പരീക്ഷകളുടെ ഷോർട്ട് ലിസ്റ്റിന്റെയും ഫൈനൽ ലിസ്റ്റിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) ഷോർട്ട് ലിസ്റ്റിന്റെയും ഫൈനൽ ലിസ്റ്റിന്റെയും പകർപ്പുകൾ അനുബന്ധം-1, അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) പ്രസ്തുത ലിസ്റ്റിന്റെ കട്ട് ഓഫ് മാർക്ക് എത്രയായിരുന്നു എന്ന് പറയാമോ; | (ഡി) പ്രസ്തുത ലിസ്റ്റിന്റെ കട്ട് ഓഫ് മാർക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | തസ്തിക | | കട്ട് ഓഫ് മാർക്ക് |
|---|---|---|---|
| 1. | അക്കൗണ്ട്സ് ഓഫീസർ | | |
| | ജനറൽ | : | 47.75/80 |
| | എസ്.സി/എസ്.ടി. | : | 17.75/80 |
| 2. | ജൂനിയർ അസിസ്റ്റന്റ് | | |
| | ജനറൽ | : | 51.25/80 |
| | എസ്.സി/എസ്.ടി. | : | 38.75/80 |
| | ആപ്കോസ് | : | 27.5/80 |

3. മാർക്കറ്റിംഗ് ഓർഗനൈസർ

| | | |
|---|---|---|
| ജനറൽ | : | 44.00/80 |
| എസ്.സി/എസ്.ടി. | : | 40.25/80 |

4. ലാബ് അസിസ്റ്റന്റ്

| | | |
|---|---|---|
| ജനറൽ | : | 50.25/80 |
| എസ്.സി/എസ്.ടി. | : | 41.75/80 |

5. ബോയിലർ ടെക്നിഷ്യൻ

| | | |
|---|---|---|
| ജനറൽ | : | 46.00/80 |
| എസ്.സി/എസ്.ടി. | : | 38.75/80 |

6. പ്ലാന്റ് അറ്റൻഡർ

| | | |
|---|---|---|
| ജനറൽ | : | 66.75/80 |
| എസ്.സി/എസ്.ടി. | : | 60.00/80 |
| ആപ്കോസ് | : | 45.00/80 |

(ഇ) പ്രസ്തുത തസ്തികകൾക്കുള്ള വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നു എന്ന് പറയാമോ;

(ഇ) പ്രസ്തുത തസ്തികകൾക്കുള്ള വിദ്യാഭ്യാസ യോഗ്യത അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.

(എഫ്) മുൻപരിചയം പ്രസ്തുത തസ്തികകൾക്ക് ആവശ്യമായിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത തസ്തികകളിൽ അക്കൗണ്ട്സ് ഓഫീസർ, മാർക്കറ്റിംഗ് ഓർഗനൈസർ, ബോയിലർ ടെക്നിഷ്യൻ എന്നീ തസ്തികകൾക്ക് മുൻപരിചയം ആവശ്യമാണ്.

(ജി) പ്രസ്തുത തസ്തികകൾക്കുള്ള പ്രായപരിധി എത്രയായിരുന്നു എന്ന് പറയാമോ;

(ജി)

| | | | |
|---|---|---|---|
| 1. | ജനറൽ കാറ്റഗറി | : | 1..1..2011-ന് 40 വയസ്സ്. |
| 2. | ഒ.ബി.സി., എക്സ് സർവ്വീസ് മാൻ | : | 1..1..2011-ന് 43 വയസ്സ് |
| 3. | എസ്.സി./എസ്.ടി. | : | 1..1..2011-ന് 45 വയസ്സ് |
| 4. | ആപ്കോസ് ജീവനക്കാർ | : | 1..1..2011-ന് 50 വയസ്സ് |

(എച്ച്) നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടുള്ള ആരെയെങ്കിലും പ്രസ്തുത തസ്തികയിൽ നിയമിച്ചിട്ടുണ്ടോ എന്ന് പറയാമോ; എങ്കിൽ ഇത് ഏത് വിഭാഗത്തിൽപ്പെടുത്തി നടത്തിയിട്ടുള്ള നിയമനങ്ങളാണെന്ന് പറയാമോ?

(എച്ച്) നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടുള്ള ആരെയും പ്രസ്തുത തസ്തികയിൽ നിയമിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.